പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4481 27.06.2013 -ൽ മറുപടിക്ക്

# ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

ചോദ്യം

ശ്രീ. ബി സത്യൻ :

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ എൽ.എ.സി. എ.ഡി.എഫ് പ്രവൃത്തികളൊഴികെയുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് റോഡ്സ്, ബിൽഡിംഗ്സ്, ബ്രിഡ്ജസ് (അയിലം പാലം) വിഭാഗം തിരിച്ച് വിശദമാക്കാമോ ;

(ബി ഓരോ പ്രവൃത്തിയ്ക്കും ഇതുവരെ എന്തു തുക വീതം ചെലവഴിച്ചിട്ടുണ്ടെന്നും എന്നത്തേക്കാണ് പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ ?

ഉത്തരം

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്
(പൊതുമരാമത്ത് വകുപ്പു മന്ത്രി)

(എ) & (ബി)

കെട്ടിട വിഭാഗം

| | പൂർത്തീകരണ തീയതി | ചെലവഴിച്ച തുക |
|---|---|---|
| ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ എൽ.എ.സി. എ.ഡി.എഫ് പ്രവൃത്തികളൊഴികെയുള്ള പൊതുമരാമത്ത് (ബിൽഡിംഗ്സ്) പ്രവൃത്തികളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ ഘട്ടം ചുവടെ ചേർക്കുന്നു.<br>1. <u>ആറ്റിങ്ങൽ ഗവ: കോളേജ് സയൻസ് ബ്ലോക്ക് കെട്ടിടം</u><br>കെട്ടിടം പണി പൂർത്തിയായി ഇലക്ട്രിഫിക്കേഷനും പെയിന്റിംഗും പുരോഗമിക്കുന്നു. | ആഗസ്റ്റ് 2013 | 4,62,92,398/- |
| 2. <u>ആറ്റിങ്ങൽ മിനി സിവിൽ സ്റ്റേഷൻ കെട്ടിടം</u><br>കെട്ടിടം പണി പൂർത്തിയായി. പെയിന്റിംഗ്, മുറ്റം തറ പാകൽ തുടങ്ങിയവ പുരോഗമിക്കുന്നു. ലിഫ്റ്റ് സജ്ജീകരിക്കേണ്ടതുണ്ട്. | സെപ്റ്റംബർ 2013 | 2,76,36,074/- |
| 3. <u>ആറ്റിങ്ങൽ ഗവ: കോളേജിൽ ലേഡീസ് ഹോസ്റ്റൽ നിർമ്മാണം</u><br>കെട്ടിടം പൂർത്തിയായി. തറ പാകൽ, വാട്ടർസപ്ലൈ സാനിറ്ററി, ഇലക്ട്രിഫിക്കേഷൻ പണികൾ പുരോഗമിക്കുന്നു. | ഒക്ടോബർ 2013 | 72,00,000/- |

| | | |
|---|---|---|
| 4. ആറ്റിങ്ങൽ ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ ലേഡീസ് ഹോസ്റ്റൽ നിർമ്മാണം<br>80% പൂർത്തിയായി മിനുക്കു പണികളും ഇലക്ട്രിഫിക്കേഷനും പുരോഗമിക്കുന്നു. | ഒക്ടോബർ 2013 | 85,00,134/- |
| 5. ആറ്റിങ്ങൽ പൂവൻപാറ ഫയർ സ്റ്റേഷൻ കെട്ടിടം<br>80% പൂർത്തിയായി പെയിന്റിംഗും ഇന്റേണൽ റോഡ് നിർമ്മാണവും ഇനി ചെയ്യേണ്ടതുണ്ട്. | സെപ്റ്റംബർ 2013 | 59,48,206/ |
| 6. ആറ്റിങ്ങൽ കോടതി സമുച്ചയത്തിൽ അഡീഷണൽ ബ്ലോക്ക് നിർമ്മാണം<br>കരാറുകാരൻ എഗ്രിമെന്റ് വെച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ തറക്കല്ലിടൽ ചടങ്ങ് 22.06.2013 -ൽ നടത്തി. | ഡിസംബർ 2014 | |

ദേശീയപാതാ വിഭാഗം

ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം IRQP Km 520/400 to Km 538/000 of NH 47 in the State of Kerala.

ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു.

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 8,28,35,000/- രൂപയാണ്. ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്

നിരത്തുകളും പാലങ്ങളും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

## നിരത്തുകളും പാലങ്ങളും

ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ റോഡ്സ് വിഭാഗത്തിന്റെ കീഴിൽ വരുന്ന എം.എൽ.എ.സി എ.ഡി.എഫ് പ്രവൃത്തികൾ ഒഴികെയുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ വ്യക്തമായ പട്ടികയും ചെലവായ തുകകളും അവ പൂർത്തയാക്കേണ്ട തീയതിയും ചുവടെ ചേർക്കുന്നു.

എടബി

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | A.S തുക | പ്രവൃത്തിയുടെ ഇപ്പോഴത്തെ ഘട്ടം | ഇതുവരെ ചെലവായ തുക | പണി പൂർത്തിയാക്കേണ്ട തീയതി |
|---|---|---|---|---|---|
| 1 | പേരൂർ- വെള്ളല്ലൂർ റോഡിന്റെ വികസനം കി.മീ 0/000 മുതൽ 1/250 വരെ | 82 ലക്ഷം | പണി തുടങ്ങി | - | 09-08-2013 |
| 2 | വക്കം- മാർക്കറ്റ് മീരാൻ കടവ് റോഡ് റീ ടാറിംഗ് | 50 ലക്ഷം | Ist മെറ്റലിംഗ് കഴിഞ്ഞ് 2nd മെറ്റലിംഗിനു വേണ്ട മെറ്റൽ സപ്ളൈ കഴിഞ്ഞു. | - | 31-08-2013 |
| 3 | ചാത്തൻപാറ- തൊറക്കാട്ടുവിള റോഡിന്റെ വികസനം | 40 ലക്ഷം | പണി തുടങ്ങി ( Wet mix macadam completed) | 22 ലക്ഷം | 26-08-2013 |
| 4 | അയിലം- ഗണപതിയാൻ കോണം റോഡിന്റെ വികസനം | 40 ലക്ഷം | പണി തുടങ്ങി | | 01-09-2013 |
| 5 | കിളിമാനൂർ- ആലംകോട് റോഡിൽ കി.മീ 0/000 മുതൽ 4/800 വരെയുള്ള വികസനം ( റീ ടാറിംഗ് ) | 170 ലക്ഷം | ടെൻഡർ നടപടി നടന്നുകൊണ്ടിരിക്കുന്നു | | |
| 6 | വട്ടക്കൈത- കാട്ടിച്ചന്ത റോഡിൽ കി.മീ 0/000 മുതൽ 2/700 വരെയുള്ള ഭാഗം വികസിപ്പിക്കുക | 128 ലക്ഷം | ടെൻഡർ നടപടി നടന്നുകൊണ്ടിരിക്കുന്നു | | |
| 7 | ആലംകോട് HSS ചെമ്പതുറക്ക് റോഡിൽ കി.മീ 0/000 മുതൽ 1/900 വരെ വികസനം | 140 ലക്ഷം | ടെൻഡർ നടപടി നടന്നുകൊണ്ടിരിക്കുന്നു | | |
| 8 | കിളിമാനൂർ- തുണ്ടിൽ- തൊളിക്കോണം- തൊപ്പിൽപോങ്ങനാട് റോഡ് വികസനം | 380 ലക്ഷം | ടെൻഡർ നടപടി നടന്നുകൊണ്ടിരിക്കുന്നു | | |
| 9 | അയിലം പാലത്തിന്റെ നിർമ്മാണം | 540 ലക്ഷം | വിശദവിവരം ചുവടെ ചേർക്കുന്നു | 20270426 | 6/2014 |

അയിലം പാലത്തിന്റെ രണ്ട് അബട്ട്മെന്റുകളും ഒരു പിയറും ഇതുവരെ പൂർത്തിയായിട്ടുണ്ട്. ഈ പണി മന്ദഗതിയിലായതിനാൽ ആറ്റിങ്ങൽ നിയോജകമണ്ഡലം എം.എൽ.എ. ശ്രീ. ബി. സത്യൻ അവർകളും, പി. ഡബ്ള്യു.ഡി ചീഫ് എൻജിനീയറും മറ്റ് ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ 18-9-2012 ൽ ഒരു യോഗം നടന്നു. ഈ യോഗത്തിൽ പാലം പണി 30-6-2013 ന് മുൻപായി പൂർത്തീകരിക്കാമെന്ന് കരാറുകാരൻ സമ്മതിച്ചിരുന്നു.

എന്നാൽ അതിനുശേഷം അപ്രോച്ച് റോഡിന്റെ റീട്ടെയിനിംഗ് വാളിന്റെ പണികളും ആദ്യ സ്പാൻ കോൺക്രീറ്റ് ചെയ്യുന്നതിനുള്ള ഫോം വർക്കിന്റെ പണികളും നടന്നുവരുന്നു. ആറ്റിനുള്ളിലെ പിയറിന്റെ ഫൗണ്ടേഷന്റെ പണികൾ തുടങ്ങിയപ്പോൾ പലവിധത്തിലുള്ള തടസ്സങ്ങൾ നേരിട്ടു ഫൗണ്ടേഷന്റെ എസ്കവേഷൻ അന്തിമ ഘട്ടത്തിലായപ്പോൾ പെട്ടെന്നുണ്ടായ മഴ കാരണം കോൺക്രീറ്റു ചെയ്യുവാൻ സാധിച്ചില്ല. ഇനി മഴ മാറി, ആറ്റിലെ വെള്ളത്തിന്റെ ലെവൽ താഴുന്ന മുറയ്ക്ക് ഫൗണ്ടേഷൻ പണികൾ പുനരാരംഭിക്കുന്നതാണ്.

ഈ പാലത്തിന്റെ പണി പൂർത്തിയാക്കുവാൻ ഇനി ഒരു വർഷം കൂടി വേണ്ടി വരും.